മാധ്യമം

19 May 2020

# മത്സ്യസമ്പദ് യോജന: പരിഷ്കരണങ്ങൾക്ക് മുൻഗണന നൽകണം –സി.എം.എഫ്.ആർ.ഐ

**കൊച്ചി:** പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനക്ക് കീഴിൽ മത്സ്യമേഖലക്കുള്ള 20,000 കോടിയുടെ സാമ്പത്തിക പാക്കേജ് മത്സ്യബന്ധന നൗകകൾ ആധുനീകരിക്കുന്നതടക്കമുള്ള പരിഷ്കരണങ്ങൾക്ക് മുൻഗണന നൽകി വിനിയോഗിക്കാമെന്ന് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കടൽസുരക്ഷ ഉറപ്പുവരുത്താനും മീൻലഭ്യത തിരിച്ചറിയാനുമുതകുന്ന മുന്നറിയിപ്പ് സംവിധാനങ്ങൾ, കോൾഡ് സ്റ്റോറേജ് സൗകര്യം തുടങ്ങിയവ നൗകകളിൽ ഘടിപ്പിച്ച് മത്സ്യബന്ധന രീതി ആധുനുകരിക്കാമെന്നാണ് സ്ഥാപനത്തിലെ വിദഗ്ധരുടെ അഭിപ്രായം.



കടലിൽ മത്സ്യബന്ധനനൗകകളുടെ സ്ഥാനം വേഗം തിരിച്ചറിയാൻ അവയിൽ വി.എം.എ.എസ് സാങ്കേതികവിദ്യ സ്ഥാപിക്കൽ, ചൂരപോലുള്ള മീനുകളുടെ കയറ്റുമതി സാധ്യതകൾ കൂട്ടാനായി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാങ്കേതികവൈദഗ്ധ്യം നൽകൽ, കൂടുകൃഷിക്ക് പ്രാമുഖ്യം നൽകി സമുദ്രകൃഷിരീതികളുടെ വികസനം, കടൽപായൽ കൃഷി, വിത്തുമത്സ്യബാങ്കുകളും അനുബന്ധ ഹാച്ചറി സംവിധാനങ്ങളും സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ അടിയന്തരശ്രദ്ധ ലഭിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങളോടുകൂടി ലാൻഡിങ് സെൻററുകളെ ലോകനിലവാരത്തിലേക്ക് ഉയർത്താനും മത്സ്യവിപണനകേന്ദ്രങ്ങൾ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വികസിപ്പിക്കാനും മുൻഗണന നൽകണമെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കോവിഡ് പശ്ചാത്തലത്തിൽ മത്സ്യങ്ങളുടെ ഓൺലൈൻ വിപണനശൃംഖല വികസിപ്പിക്കുന്നത് ഏറെ ഗുണം ചെയ്യും. ആവശ്യമായ രീതിയിൽ വിനിയോഗിക്കുകയാണെങ്കിൽ ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ സമുദ്രമത്സ്യ മേഖലക്ക് ഊർജം നൽകാൻ ഈ സാമ്പത്തിക പാക്കേജ് കൊണ്ട് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.